**ഗ്രാമന്യായാലയ കൊടുവള്ളി, താമരശ്ശേരി**
**ഹാജർ : ശ്രീമതി. പ്രീതി തമ്പാൻ, ന്യായാധികാരി**
**2026 മാർച്ച് മാസം 27 തീയ്യതി**

**ST 392/2024**

| | |
|---|---|
| കേരള സംസ്ഥാനത്തെ പ്രതിനിധീകരിച്ച്<br>സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്,<br>താമരശ്ശേരി പോലീസ് ക്രൈം. 217/2018,<br>(ശ്രീ. രഞ്ജിൻ ബേബി, APP ) | പരാതിക്കാരൻ |
| 1. സഹിർ ഇരഞ്ഞോണ, വയസ്സ്: 33/2018<br>S/o.അബ്ദുൾ അസീസ്,<br>ഇരഞ്ഞോണ വീട്,<br>കൈതപ്പൊയിൽ, താമരശ്ശേരി.<br>2. അബ്ദുറഹിമാൻ ഇടക്കുനി, വയസ്സ്: 45/2018<br>S/o. മൊയ്തീൻ, ഇടക്കുനി വീട്,<br>കാരന്തൂർ.പി.ഒ, കുന്ദമംഗലം.<br>3. ബോസ് ജേക്ക്ബ്, വയസ്സ്: 44/2018,<br>S/o. ചാക്കോ, പുരയിടത്തിൽ വീട്,<br>തിരുവമ്പാടി.പി.ഒ, താമരശ്ശേരി.<br>4. ഗോപാലൻ.സി.എം, വയസ്സ്: 62/2018<br>S/o.മൂത്തോറൻ, മാനിപുരം.പി.ഒ,<br>കൊടുവള്ളി.<br>5. മനു കോടഞ്ചേരി, വയസ്സ്: 27/2018,<br>S/o. ജോസ്, ഇടപ്പാറ വീട്,<br>ശാന്തി നഗർ.പി.ഒ, ഓമശ്ശേരി.<br>6. അഷ്റഫ്.എം.ജെ, വയസ്സ്: 49/2019,<br>S/o.അബൂബക്കർ, മുക്കേൻതൊടിക വീട്,<br>നെല്ലിക്കപറമ്പ്.പി.ഒ, മുക്കം. | പ്രതികൾ |

കുറ്റം : 1860 ലെ ഇന്ത്യൻ ശിക്ഷാനിയമം 143, 145, 147,283 r/w 149 വകുപ്പുകൾ പ്രകാരം ശിക്ഷാർഹമായത്.

**ഉത്തരവ്**

മേൽ നമ്പർ കേസിലെ പ്രതികൾക്കെതിരെ 1860 ലെ ഇന്ത്യൻ ശിക്ഷാനിയമം 143, 145, 147, 283 r/w 149 വകുപ്പുകൾ പ്രകാരമുള്ള കുറ്റകൃത്യത്തിന് താമരശ്ശേരി പോലീസ് ക്രൈം. 217/2018, പ്രകാരം രജിസ്റ്റർ ചെയ്ത കേസാണിത്.

കേസ് ഇന്നത്തേക്ക് അഡ്വാൻസ് ചെയ്തു. പ്രതി നമ്പർ 1 ഹാജരില്ല. പ്രതി നമ്പർ 1 നു വേണ്ടി അഡ്വക്കറ്റ് സജാദ് എം.ബി ഹാജരായി .പ്രതി നമ്പർ 1ൻെറ പേരിലുള്ള കുറ്റത്തിന്റെ വിവരങ്ങൾ 1860 ലെ ഇന്ത്യൻ ശിക്ഷാനിയമം 143, 145, 147, 283 r/w 149 വകുപ്പുകൾ പ്രകാരം വായിച്ചു കൊടുത്തു ബോധ്യപ്പെടുത്തി. പ്രതി നമ്പർ 1 അപരാധിയാണെന്ന് പ്രതിക്കു വേണ്ടി വക്കീൽ സമ്മതിച്ചു. പ്രതി നമ്പർ 1 കുറ്റസമ്മതം നടത്തിയത് സ്വമേധയാ ആണെന്ന് കോടതിക്ക് പരിപൂർണ്ണമായും ബോധ്യമായി. പ്രതി നമ്പർ 1 കുറ്റക്കാരാനാണെന്ന് കണ്ടെത്തി.

ആകയാൽ പ്രതി നമ്പർ 1 നെ ഇന്ത്യൻ ശിക്ഷാനിയമം 143 വകുപ്പ് പ്രകാരം ₹ 500/- (അഞ്ഞൂറു രൂപ) പിഴ അടയ്ക്കുവാനും അല്ലെങ്കിൽ 3 ദിവസത്തെ സാധാരണ തടവിനും, ഇന്ത്യൻ ശിക്ഷാനിയമം 145 വകുപ്പ് പ്രകാരം ₹ 500/- (അഞ്ഞൂറു രൂപ) പിഴ അടയ്ക്കുവാനും അല്ലെങ്കിൽ 3 ദിവസത്തെ സാധാരണ തടവിനും, ഇന്ത്യൻ ശിക്ഷാനിയമം 147 വകുപ്പ് പ്രകാരം ₹ 700/- (എഴുനൂറ് രൂപ) പിഴ അടയ്ക്കുവാനും അല്ലെങ്കിൽ 5 ദിവസത്തെ സാധാരണ തടവിനും, ഇന്ത്യൻ ശിക്ഷാനിയമം 283 വകുപ്പ് പ്രകാരം ₹ 150/- (നൂറ്റിഅൻപത് രൂപ) പിഴ അടയ്ക്കുവാനും അല്ലെങ്കിൽ 1 ദിവസത്തെ സാധാരണ തടവിനും, ശിക്ഷിച്ചിരിക്കുന്നു. പ്രതികൾ നമ്പർ 2,3,4,5,6 ന് എതിരെയുള്ള കേസ് ST 404/2024 ആയി വീണ്ടും ഫയൽ ചെയ്തു.

(ഞാൻ പറഞ്ഞു കൊടുത്ത പ്രകാരം കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ടൈപ്പ് ചെയ്ത് ഞാൻ ശരിയാക്കി തുറന്ന കോടതി മുമ്പാകെ 2026 മാർച്ച് മാസം 27 തീയ്യതി ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.)

ന്യായാധികാരി
കൊടുവള്ളി, താമരശ്ശേരി